ഇറയം റിസർച്ച് ജേർണൽ

2018 July - October Volume II Issue 2

# നായാടിക്കളിപ്പാട്ടുകളിലെ ഹാസ്യം – ഒരു സാംസ്കാരിക വിശകലനം

സന്തോഷ് എച്ച്.കെ

മധ്യമലബാറിലെ പാണസമുദായക്കാർ അവതരിപ്പിക്കുന്ന കലാരൂപമാണ് നായാടിക്കളി. വള്ളുവനാട്ടിലാണ് ഈ കലാരൂപം ഏറെ പ്രചാരത്തിലുള്ളത്. ഭഗവതിക്കാവുകളിലെ വേലവരവുമായി ബന്ധപ്പെട്ട് പാലക്കാട് തൃശ്ശൂർ, മലപ്പുറം ജില്ലകളിലെമ്പാടും നായാടിക്കളി കാണാം. തികച്ചും വിനോദാത്മകമായ ഒരു കലാരൂപമാണിത്. വേലവരവിന്റെ ഭാഗമായപാണപൂതനും ആണ്ടിക്കുമൊപ്പം അവയുടെ കളികഴിഞ്ഞാൽ ഒടുക്കമാണ് നായാടിയുടെ വരവ്. ഈ മൂന്നു കലാരൂപങ്ങളും പാണരുടേതാണ്. ഒറ്റയ്ക്കും നായാടി സഞ്ചരിക്കും. തമോഗുണപ്രധാനൻ ആണ് നായാടി. പൂതനേയും ആണ്ടിയേയും അപേക്ഷിച്ച് മുതിർന്നവരുടെ കളിയാണിത്. വേഷത്തിലും കളിയിലുമൊക്കെ ആകപ്പാടെ ഒരു അയഞ്ഞ ചിട്ടയാണ്. പറയത്തക്ക നിഷ്ഠകളൊന്നുമില്ലാത്ത ഒരു അനുഷ്ഠാനരൂപം എന്ന നിലയിൽ ദേശ്യഭേദം ഏറ്റവും കൂടുതൽ നായാടിക്കളിക്കാണ്. ആണ്ടിയേയും പൂതനേയും അപേക്ഷിച്ച് കൂടുതലായി കണ്ടുവരുന്നതും ആളുകളെ രസിപ്പിക്കുന്ന ഈ വേഷമാണ്.

കേരളമാകെ കണ്ടുവരുന്ന ഒരു വനഗോത്രവിഭാഗമാണ് നായാടികൾ. കോഴിക്കോട് പാലക്കാട് ജില്ലകളിലാണ് ഈ ആദിവാസിവിഭാഗത്തെ കൂടുതലായും കണ്ടുവരുന്നത്. കടുത്ത അയിത്തം പൊതുസമൂഹം ഈ വിഭാഗത്തോട് പുലർത്തിവരുന്നുണ്ട്. നാട്ടിലേക്ക് വന്നു വീടുകൾ തോറും കയറിയിറങ്ങി പിച്ച തെണ്ടി ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് ജീവിച്ചുപോകുന്ന ഒരു വിഭാഗമാണ് നായാടികൾ. പടിക്ക് പുറത്തു വന്നുനിന്ന് രോദന സ്വഭാവത്തിലുള്ള ദയനീയമായ ഒരു ശബ്ദം പുറപ്പെടുവിച്ചാണ് വീട്ടുകാരെ ഇവർ വിളിക്കുക. പറമ്പിലേക്ക് ഇവർക്ക് പ്രവേശനമില്ല. ഇവരുടെ വിളി കേട്ടാൽ അരി, എണ്ണ, ചുവന്ന മുളക്, ഉപ്പ് ഇവയൊക്കെ ഒരു മുറത്തിലാക്കി വീട്ടുകാർ പടിക്കൽ കൊണ്ടുവെക്കും. ഇത് അവരുടെ അവകാശമായാണ് കരുതിപ്പോരുന്നത്. ഇവർക്ക് ഭിക്ഷ നൽകിയില്ലെങ്കിൽ ശപിക്കും എന്ന വിശ്വാസം പ്രബലമാണ്. ഗ്രാമത്തിനു പുറത്ത് മലമുകളിൽ താമസിക്കുന്ന ഈ നായാടികളെ അനുകരിച്ചുകൊണ്ടുള്ള ഒരു പ്രച്ഛന്ന വേഷം കളിയാണ് പാണരുടെ നായാടിക്കളി.

ദാരികനെ നാടു മുഴുവൻ തിരഞ്ഞു കണ്ടുപിടിക്കാൻ സാധിക്കാത്തതിനാൽ കാട്ടിൽ തിരയുന്ന ജോലിയാണ് നായാടി ചെയ്യുന്നത്. കാടിളക്കാനുള്ള സാമഗ്രികൾ കയ്യിലുണ്ടാവും . വെള്ളമുണ്ടുമുടുത്ത് അതിനുമുകളിൽ ചുവന്ന മുണ്ട് ഉടുക്കുന്നു. ചുവന്ന പാട്ടുമാകാം. ദേഹത്ത് ചന്ദനം കൊണ്ട് കുറിവരയ്ക്കുന്നു. കൈയ്യിൽ രണ്ടുവടികൾ ഉണ്ടാകും. ഒരു വലിയ വടിയും ചെറിയ വടിയുമാണ് ഉണ്ടാവുക. നായാട്ടിനു പോകുന്നു എന്ന സങ്കല്പത്തിൽ തോക്കും ഉണ്ടയുമാണ് ഈ വലിയ വടിയും ചെറിയ വടിയും. ചിലയിടത്ത് ഒന്നോ അതിലധികമോ പേർ വേഷം കെട്ടാറുണ്ട്. ചിലയിടത്ത് തലയിൽ വെള്ളമുണ്ട് കൊണ്ട് തലേക്കെട്ട് കെട്ടുന്നു. വെള്ളമുണ്ടിന്റെ അറ്റം പിൻകഴുത്തിലേക്ക് തൂങ്ങികിടക്കുന്ന രീതിയിലാണ് തലേക്കെട്ടു കെട്ടുന്നത്. അരയിൽ അരങ്ങ് തൂക്കിയിരിക്കും. വിവിധ നിറങ്ങളിലുള്ള തുണികഷ്ണങ്ങളോ ഇലകളും പൂക്കളുമോ നൂലിൽ കെട്ടി അവ മറ്റൊരു ചരടിൽ കെട്ടിതൂക്കി അതാണ് അരങ്ങുകെട്ടുന്നത്.

സ്ത്രീയും പുരുഷനും ചേര്ന്ന്ത നായാടിക്കളി ചുരുക്കം ചിലയിടത്ത് അവതരിപ്പിക്കാറുണ്ട്സ്ത്രീകൾ മുണ്ട്, ജാക്കറ്റ്, തോര്ത്ത് എന്നിവയും പുരുഷൻ ഷര്ട്ട്,മുണ്ട് തലയിൽ തോര്ത്തുകൊണ്ട് തലേക്കെട്ടും

ധരിച്ചിരിക്കും. സ്ത്രീയുടെ കൈയ്യിൽ ഒരേ വലുപ്പമുള്ള രണ്ടു വടിക്കഷ്ണങ്ങളുണ്ടായിരിക്കും. പുരുഷന്റെ കൈയ്യിൽ ഒരു വലിയ വടിയും ഒരു ചെറിയ വടിയും ഉണ്ടായിരിക്കും.

ചില സ്ഥലങ്ങളിൽ രണ്ട് പേർ ചേർന്നും നായാടിക്കളി കളിക്കും. ഷർട്ടിട്ട്, കഴുത്തിൽ വെള്ളമുണ്ട് തൂക്കിയിട്ടിരിക്കും, തലയിൽ ചുവന്ന മുണ്ട് കൊണ്ട് തലമറച്ച് തലപ്പാവ് ഉണ്ടായിരിക്കും. തോളിൽ തുണി സഞ്ചിയും കാണാം, കൈയ്യിൽ ഗഞ്ചിറയും ഗഞ്ചിറ കൊട്ടാനുള്ള വടിയും ഉണ്ടായിരിക്കും. വേഷം കെട്ടിയ മറ്റേയാളുടെ കൈയ്യിൽ മൂന്നു വടികൾ ഉണ്ടാ യിരിക്കും ഒന്ന് വലുത്, രണ്ടെണ്ണം ചെറുത് വലിയ വടി കക്ഷത്തിൽ പിടിച്ച് ചെറു വടികൾ കൊണ്ടാണ് താളമിടുന്നത്.

നായാടിക്ക് കരിവേഷം ആണ് ചെറുകര, അങ്ങാടിപ്പുറം ഭാഗത്ത് പതിവ് എന്നാണ നാരായണൻ (നാരായണൻ ഏലംകുളം : 2015) പറഞ്ഞത്. തലയിൽ കറുപ്പ്, ചുവപ്പ് ഏതെങ്കിലും നിറത്തിലുള്ള തുണി കെട്ടും. വലിയ കൃത്രിമ മീശ, പാളത്തൊപ്പി, കറുത്ത മുണ്ട് എന്നിങ്ങനെയാണ് അങ്ങാടിപ്പുറം, പുലാമന്തോൾ. ചെറുകര ഭാഗങ്ങളിലെ ചമയങ്ങൾ,

നായാടിവേഷക്കാരുടെ കൈയ്യിൽ ഭഗവതി രൂപം കൊത്തിയ മരത്തിന്റെ പ്രതിമ ഉണ്ടായിരിക്കും. കലാകാരന്റെ ഭാവനയിൽ മനോഹരമായ ഈ പ്രതിമ ഓരോ പ്രദേശത്തും വ്യത്യസ്തമാണ്. കൈകൂപ്പി നിൽക്കുന്ന രൂപം, ആയുധ ധാരിയായ രൂപം, അനുഗ്രഹം ചൊരിഞ്ഞു നിൽക്കുന്ന രൂപം എന്നിങ്ങനെയുള്ള വ്യത്യസ്തത ഓരോ പ്രതിമയിലും ഉണ്ടാകും. ഈ പ്രതിമ വച്ച് അതിനുമുന്നിലാണ് കളിക്കുന്നത്. ചിലയിടങ്ങിൽ പ്രതിമയുടെ അരയിൽ അരമണികെട്ടി ചുവന്ന നൂലുകൊണ്ടുള്ള അലങ്കാരങ്ങൾ തൂക്കാറുണ്ട്.

പാലക്കാട്ട വടക്കന്തറ വേലയ്ക്ക് ഒരു ഗ്രാമം മുഴുവൻ കരിവേഷം കെട്ടി നായാടികളായി ദേശം തെണ്ടുന്ന ഒരു ചടങ്ങുണ്ട്. ഇത് നായാടിക്കളിയുടെ ഒരു പകര്പ്പാണ്. എന്നതിൽ സംശയമില്ല. ദേഹമാസകലം കരിതേച്ച് കറുത്ത മുണ്ട് ഉടുക്കുന്നു. തലയിൽ ചുവന്ന തുണികൊണ്ട് തലേക്കെട്ട് കെട്ടുന്നു. കഴുത്തിൽ കറുത്തചരടിൽ തൂക്കിയ അരിമുറുക്ക് ഉണ്ടാകും. പുരുഷന്മാർ കരിതേച്ച് മുണ്ടും, ജാക്കറ്റും ധരിച്ച് സ്ത്രീവേഷത്തിലും വരാറുണ്ട്. കൈയ്യിൽ രണ്ടു വടികളുണ്ടാകും. പുരുഷന്മാരും കുട്ടികളുമാണ് വേഷം കെട്ടുക. സംഘം ചേര്ന്നാണ് കെട്ടുന്നത്. കറുപ്പ് കുട ചൂടിയാണ് നടക്കുക.

പ്രധാനമായും രണ്ടു കുറുവടികളാണ് വാദ്യം. ചിലയിടങ്ങളിൽ ഗഞ്ചിറ ഉപയോഗിക്കാറുണ്ട്. ഗഞ്ചിറ കൊട്ടുന്നത് വടികൊണ്ടാണ്. ചിലപ്പോൾ മൂന്നു വടികൾ ഉപയോഗിച്ചും കാണുന്നുണ്ട്. ഒന്ന് വലുതായിരിക്കും. വലിയ വടി കക്ഷത്തിൽ പിടിച്ച് ചെറിയ രണ്ടു വടികൾ കൊണ്ട് വലിയ വടിയിൽ അടിച്ചാണ് താളം പിടിക്കുന്നത്.

വീട്ടുമുറ്റങ്ങളാണ് നായാടിക്കളി അരങ്ങേറുന്ന ഇടങ്ങൾ അമ്പലമുറ്റത്തും അരങ്ങേറാറുണ്ട്. ചുവട്/രീതി: വീട്ടുമുറ്റത്തു വച്ച പ്രതിമയ്ക്കു ചുറ്റും പാട്ടുപാടി താളം പിടിച്ചാണ് കളിക്കുന്നത്. ചിലയിടത്ത് പാട്ടുപാടുക മാത്രമേയുള്ളൂ. മുസ്ലീം സമുദായക്കാർ അവതരിപ്പിക്കുന്ന കോൽക്കളിയോടു സാമ്യമുള്ള ചുവടുകളും ചിലയിടത്ത് അവതരിപ്പിക്കുന്നുണ്ട്. കോൽക്കളി പോലെ വൃത്താകൃതിയിൽ കോലുകൾ കൊട്ടി ചുവടു വെച്ചും കളിക്കുക പതിവുണ്ട്.

അമ്മയുടെ വേലവരവ്, തത്തപ്പാട്ട്, ശങ്കരനായാടി, എന്നീ പാട്ടുകളാണ് കളിയിൽ പാടുക. നള ദമയന്തിക്കഥ പോലുള്ള കുമ്മിപ്പാട്ടുകളും മറ്റു പുരാണം പാട്ടുകളും വീട്ടുകാർ ആവശ്യപ്പെട്ടാൽ പാടും. കാസറ്റുകളിലൂടെ പ്രശസ്തമായ നാടൻ പാട്ടുകൾ വരെ പാടുന്നവരുണ്ട്.

ഉത്സവകാലത്ത് പകൽ സമയങ്ങളിലാണ് നായാടിക്കളി അവതരിപ്പിക്കുന്നത്. ചിലയിടങ്ങളിൽ പൂരം മുളയിട്ട അന്ന മുതൽ ഉത്സവം വരെ നായാടി ദേശത്തെ വീടുകളിൽ കളിക്കാൻ ചൊല്ലാറുണ്ട്. ഉത്സവദിവസം ഉച്ചവരെ വീടുകളിൽ കളിക്കുന്ന നായാടി ഉച്ചക്കുശേഷം ഉത്സവപറമ്പുകളിലാണ് കളിക്കുക. പണം, നെല്ല്, അരി എന്നിവ കളിക്കാർക്ക് അവകാശമായി നല്കിവരുന്നു.

നായാടിയെ ശങ്കരനായാടി എന്നും വിളിക്കാറുണ്ട്. കാളിക്കു വേണ്ടി കാട്ടിൽ പോയി ദാരികനെ തിരയുന്ന ഭൂതഗണമായാണ ശങ്കരനായാടിയെസങ്കൽപ്പിക്കപ്പെടുന്നത്. താരതമ്യേന താമസമൂർത്തിയായ , അതിദ്രുതമായി പ്രാകൃതമായ ചുവടുകൾ വെയ്ക്കുന്ന നായാടിയുടെ പാട്ടുകൾ ഹാസ്യരസപ്രധാനവും താളത്തിനു കൂടുതൽ പ്രാധാന്യമുള്ളതുമാണ്. അനുകരണകലാകാരനെ പോലെ ചെറു ഭാഷണങ്ങളും നായാട്ടു വിളിയും പാട്ടിൽ ഇടകലരുന്നുണ്ട്. വലിയ മുളവടിയും ചെറിയ മുളവടിയുമാണ് കൊട്ടാനുള്ള ഉപകരണങ്ങൾ. തോക്കും ഉണ്ടയുമാണെന്നാണ് സങ്കല്പം. നായാടാൻ കാട്ടിലേക്കു പോകുന്ന വഴിയാണ്.

**നായാടിക്കളിപ്പാട്ടുകൾ**

പാട്ടിനു അങ്ങനെ ക്രമമോ എണ്ണമോ ഇല്ല. കാവിലമ്മയുടെ വേലവരവിനെ അറിയിച്ചുകൊണ്ടുള്ള പാട്ടാണ് പൊതുവെ ആദ്യം പാടുക.പിന്നെ ശങ്കരനായാടിയുടെ പാട്ടും പാട്ടും. "ആദ്യം പാടുന്നത് ആരിന്റെ വേലയാണെന്ന അമ്മയുടെ പാട്ട്.പിന്നെ തത്തയുടെ പാട്ട് പിന്നെ ശങ്കരനായാടി. അഞ്ചോ ആറോ പാട്ടുകൾ പാടികളിക്കും" (ചാമി: തൃക്കടീരി: 2015)

ദേശത്തമ്മയെ സ്തുതിച്ചും വേലവരവിന്റെ ഘോഷങ്ങൾ വർണ്ണിച്ചും പാടിത്തുടങ്ങുന്നു.

1. "ഏതേതു നല്ലമ്മ ലോകമാതാവ്
മുളയങ്കാവു നല്ലമ്മ ലോകമാതാവ്

ആളും അടിയരെ കാക്കണം തായേ

ആളും അടിയരെ കാത്താലും പോരാ

ഓമനമക്കളെയും കാക്കണം തായേ"

2. "കോട്ടായിപ്പാടത്തീന്നും എന്തു വരവാണേ

നമ്മന്റെ തമ്പുരാട്ടീടെ വേലവരവാണേ"

3. "ചെനക്കത്തൂരമ്മ നല്ലമ്മ ലോകമാതാവേ

ആരോമൽ നല്ലമ്മ കാത്തിടണേ

ആരോമലില്ലാതെ കാടാൻ കളിയും

ആരോമലില്ലാതെ കാറ്റാടിപ്പൂരം

ഓമല മക്കളെയും കാക്കണം പാരിൽ"

4. ആരിന്റെ ആരിന്റെ വേലവരവാണ്

ആരിന്റെ ആരിന്റെ വേലവരവാണ്

വടക്കന്തറമ്മടെ വേല വരവാണേ..”

5. “പത്തും നാലും പതിനാലു ദേശത്തിയ്ക്കേ...

ലാലെല്ലെയ്ലല്ലം...

കേളികേട്ടോരു പൊന്നും തമ്പുരാട്ടീ...

ലാലെല്ലെയ്ലല്ലം...

കേളികേട്ടിടിയാരും വന്നേ...

ലാലെല്ലെയ്ലല്ലം....

ഓമനമക്കളെ കാക്കണം തമ്പുരാട്ടീ...

ലാലെല്ലെയ്ലല്ലം...

കുന്നിലിയ്ക്കു മികവു കുന്ന് ഏതാണു കുന്നേ..

ലാലെല്ലെയ്ലല്ലം.....

കുന്നിലേയ്ക്കു മികവു കുന്ന് തിരുമാന്ധാം കുന്ന്

ലാലെല്ലെയ്ലല്ലം....

അതിലിയ്ക്കും കേളിക്കുന്ന് ഏതാണു കുന്നേ...

ലാലെല്ലെയ്ലല്ലം....

അതിലിയ്ക്കും കേളിക്കുന്ന് മാട്ടായക്കുന്നേ...”

എല്ലാ സ്ഥലത്തു നിന്നും സമാന സ്വഭാവത്തിലുള്ള പാട്ടുകളാണു ലഭിച്ചിട്ടുള്ളത്. ദേശപ്പൂരത്തെക്കുറിച്ചുള്ള വർണ്ണന, പൂരത്തിനു വേണ്ട ഒരുക്കാനങ്ങൾ ഇവയൊക്കെ തുടർന്നു വരുന്നു.

1.“പട്ടയും പന്തലമ്മേ കിങ്ങിണിവേലയും

ആലവട്ടം വെഞ്ചാമരം മുത്തുക്കുട മീതെ

അങ്ങനെ തികതാ

പൂജയ്ക്ക് പോവമ്പോളേ എന്തെല്ലാം വേണേ

പൊന്നുരുളി പൊൻ ചട്ട്കം പാൽക്കിണ്ടി വേണേ

പൊന്നുരുളി പൊൻ ചട്ട്കം പാൽക്കിണ്ടി പോരാ

ആദിയും നെല്ല് കുത്തരി വെള്ളരി വേണേ

ആദിയും നെല്ല് കുത്തരി വെള്ളരി പോരാ

നമ്പൂരിനാലുമണ്ടും പൂജയ്ക്കും വേണേ

തരികിട തികതാ" ( എം. ശിവശങ്കരൻ)

2. " വേലേന്റെ മുന്നും പിന്നും എന്തു വരവാണേ

വേലേന്റെ മുന്നും പിന്നും തണ്ടു വരവാണേ

തണ്ടിന്റെ മുന്നും പിന്നും എന്തു വരവാണേ

തണ്ടിന്റെ മുന്നും പിന്നും വാളു വരവാണേ

വാളിന്റെ മുന്നും പിന്നും എന്തു വരവാണേ

വാദിയം പതിനെട്ടും കൂടി വരവാണേ

ആരിന്റെയാരിന്റെ വേല വരവാണേ

നമ്മന്റെ തമ്പുരാട്ടിടെ മുറ്റം പൊലിയാണേ

ആരിന്റെയാരിന്റെ കമ്പം തിരുവിളക്ക്

നമ്മന്റെ തമ്പുരാട്ടിടെ കമ്പം തിരുവിളക്ക്" ( എം. ശിവശങ്കരൻ)

3. എന്തു കണ്ടു ഏത് കണ്ടു

അമ്പല വയലേറ്റ്..

എന്തുകണ്ടു ഏത് കണ്ടു

അമ്പല വയലേറ്റ്..

തിരുകഞ്ചം തിരുകഞ്ചം

തിരുകഞ്ചം കാട്

തിരുകഞ്ചം കാട്ടിലമ്മേ എന്തെല്ലാമുണ്ട്

ആനപ്പോരു വിളയാട്

കുതിര വിളയാട്

ആന വരണതുകണ്ടു വരളിക്കുറ്റി

കുതിര വരണതു കണ്ടു തോരണവും മാറ്റി

ചരിഞ്ഞാണേ മറിഞ്ഞാണേ..

ആരുകണ്ടു ആരു കണ്ടു പന്തലു കണ്ടു

വേങ്ങശ്ശേരിയമ്മയുടെ പച്ചപ്പന്തലു കണ്ടു..

4. ഓരോ കാവുകളുടെ പ്രത്യേകതയും വേലകളുടെ മികവും താരതമ്യം ചെയ്യുള്ള പാട്ടും ഉണ്ട്.

"കുന്നിലിയ്ക്കു മികവു കുന്ന് ഏതാണ കുന്നേ..

ലാലെല്ലെയ്ലല്ലം.....

കുന്നിലേയ്ക്കു മികവു കുന്ന് തിരുമാന്ധാം കുന്ന്

ലാലെല്ലെയ്ലല്ലം....

അതിലിയ്ക്കും കേളിക്കുന്ന് ഏതാണ കുന്നേ...

ലാലെല്ലെയ്ലല്ലം....

അതിലിയ്ക്കും കേളിക്കുന്ന് മാട്ടായക്കുന്നേ...

ലാലെല്ലെയ്ലല്ലം....

വെടിയിലേയ്ക്കു മികവു വെടിയെതാണവെടീ...

ലാലെല്ലെയ്ലല്ലം....

വെടിയിലേയ്ക്കു മികവുവെടി കോങ്ങാടൻ വെടീ

ലാലെല്ലെയ്ലല്ലം....

കൂത്തിലിയ്ക്കു വലിയ കൂട്ട് ഏതാണ കൂത്തേ...

ലാലെല്ലെയ്ലല്ലം....

കൂത്തിലിയ്ക്കു വലിയ കൂത്ത് മാത്തൂരെ കൂത്ത്...

ലാലെല്ലെയ്ലല്ലം....

കോങ്ങാടൻ വെടിയും കണ്ടമ്മേ...

തെയ് താ...തൈ്ത താ....

മാത്തുരെകൂത്തും കണ്ടമ്മേ...

തെയ് താ...ത്തെ താ....

കാളവേലമുളയങ്കാവമ്മേ....

തെയ് താ...ത്തെ താ....

കുതിരവേല ആരിയങ്കാവ്..

തെയ് താ...ത്തെ താ....

ആനവേല ചെനക്കത്തൂരമ്മേ...

തെയ് താ...ത്തെ താ..”

തത്തയുടെ പാട്ട് എന്ന് വിളിക്കുന്ന പാട്ട് ഇങ്ങനെയാണ്.

തിന്തിത്തോം തോതീനമ്മേ തരികിട തോതിനാ...

തൈയ് തൈയ് തൈതാ...

ഇന്നലാടിച്ച തളിച്ചോരടിതളിമുറ്റത്ത്...

തൈയ് തൈയ് തൈതാ...

ഇന്നുമുളച്ചതോരു ചെമ്പകത്തയ്യ്...

തൈയ് തൈയ് തൈതാ...

ചെമ്പകത്തയ്യിന്റെ പൂമണം കേട്ടു..

തൈയ് തൈയ് തൈതാ...

പത്തുതത്ത ഒത്തുകൂടി തങ്ങളും കൂടീ...

തൈയ് തൈയ് തൈതാ...

പോകാണോ പോകാണോ നായടി പോകാണോ

തൈയ് തൈയ് തൈതാ...

പാടിക്കളിച്ചും കൊണ്ടു പോകുന്ന തായേ...

തൈയ് തൈയ് തൈതാ...

കാട്ടിലേക്ക് പോകുന്ന ശങ്കരനായാടിയുടെ പരാക്രമങ്ങളും വേട്ടയാടലിന്റെ വിശേഷങ്ങളുമാണ് നായാടിക്കളിപ്പാട്ടിന്റെ അടുത്ത ഘടകം.

അസംബന്ധത്വത്തിൽ നിന്ന് ജനിക്കുന്ന ഹാസ്യമാണ് ഇതിന്റെ പ്രത്യേകത. പൊറാട്ടിന്റെ പല അവതരണാംശങ്ങളും ഇതിൽ കയറി വരുന്നുണ്ടെന്നു കാണാം.

നാടോടി ഹാസ്യത്തിന്റെ ഒരു അസ്സൽ മാതൃകയാണ് ചുവടെയുള്ള പാട്ട്:

"എവിട്ന്ന് വന്ന് നായാടി,

തെക്ക്ന്ന് വന്ന് നായാടി,

കാട്ട്ക്കേറി നായാടി,

കാടെളക്കി നായാടി,

പന്ന്യേ കണ്ടു നായാടി,

തോക്കെടുത്തു നായാടി,

തീറ്റനെറച്ചു നായാടി,

പെടപെട വെച്ചു ഒറ്റവെടി

പന്ത്രണ്ടീച്ചകളപ്പം ചത്തു,

കാട്ടാനക്കൊരു തട്ടുകൊടുത്തു,

മുട്ടാടിന്നൊരു മുട്ടുകൊടുത്തു,

സിംഹം പന്നി പൊത്തിലൊളിച്ചു,

ആകാണം തന്തപിലാക്കിൽ,

ഞാനോരട്ക്കാല് വെച്ച്,

അതിലൊരു കൊത്തള്പെട്ട്,

കീലീം മക്കളും ചുട്ടും തിന്ന്,

എന്നെ തച്ചപ്പൊ ഞാനും തച്ച്

എന്നെ നുള്ള്യേപ്പൊ ഞാനും നുള്ളി

ചക്കടെ മടലോണ്ടേറുണ്ടങ്കി,

പപ്പടം കാച്ചിത്തടവുണ്ട്.

പപ്പടം കാച്ചിത്തടവുണ്ടെങ്കി,

പായസം വെച്ചിട്ടടിയുണ്ട്,"

കാളി ദാരിക വധം കഥയും സാന്ദർഭികമായി സൂചിപ്പിച്ചു പോകുന്നുണ്ട്.

"അപ്പം ചുട്ടതു ഗണപതിയ്ക്ക്

അരിവറുത്തു ഗണപതിയ്ക്ക്

കലശംവെച്ചതു കാളിക്ക്,

അരിശം മൂത്തതു ദാരികന്,

പരിശയെടുത്തു ദാരികനും

അരസൻ വന്നതു കണ്ടുകാളി,

വശമൊട്ടു വാലാൽ വെട്ടികാളി,

രുധിരചോരകുടിച്ചുകാളി,

കോപമടക്കി കൊടുങ്ങല്ലൂര്,

വാഴും സമയേ ഒന്നുരചെയ്തു,

അണ്ടോം പിണ്ടോം നായടിയ്ക്ക്,

ചാവും ചടങ്ങും നായടിയ്ക്ക്"

തനിക്കുള്ള അവകാശങ്ങൾ കൂടി ദേവി പറഞ്ഞുവെച്ചിട്ടുണ്ട് എന്ന് പാടിയാണ് നായാടി അവസാനിപ്പിക്കുന്നത്. ഈ പാട്ടിന്റെ കൂടെയാണ് ശ്രമകരമായ നായാട്ട് വിളി നടത്തുക.

തെയ് താ...ത്തെ താ....

തിന്തോം തോതിന തിന്തോം തോതിനാ....

തൈയ് തൈയ് തൈയ്താ... എന്നിങ്ങനെ വായ്ത്താരികളും കയറി വരും. പാട്ട് ചൊല്ലി അവസാനിപ്പിക്കുന്നത് "തരികിട ധിമതത്തോം", "തികുതികുതെയ് തെയ് തെയ്താം", "തരികിടതെയ്യത്തോം തെയ് തെയ് തകൃതിക തെയ് തെയ് തോം, തെയ്ത് തത്തരികിട കിടതകിതിത്ത തെയ് തെയ്, തെയ് തകതക തിമൃതത്തെയ്" തുടങ്ങിയ പല വായ്ത്താരികളിലായിരിക്കും. ശങ്കരനായാടി പൊടിപൊടിച്ച എന്നൊരു പേച്ചും ഒടുക്കം പറയും.

സാധാരണയായി മുഴുവൻ പാട്ടുകളും പാടാറില്ല. ഒന്നോ രണ്ടോ പാട്ടുകൾ പാടി അവസാനിപ്പിക്കുകയാണ്പതിവ്. എന്നാൽ ചില സന്ദർഭങ്ങളിൽ വീട്ടുകാർ ആവശ്യപ്പെട്ടാൽ കൂടുതൽ പാട്ടുകൾ പാടും. പ്രസിദ്ധമായ പല പുരാണപ്പാട്ടുകൾ പാടാനും ആവശ്യപ്പെടാറുണ്ട്. അങ്ങനെ പാടുന്ന നളചരിതം പാട്ട്" ധീരനാം നളന്റെ ഭാര്യ സുന്ദരീ ദമയന്തീ.." അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. [27]

താരതമ്യേന അനുഷ്ഠാനപരത കുറഞ്ഞ ഒരു വിനോദരൂപം ആയതിനാലാകാം അയഞ്ഞ ഘടനയാണ് പാട്ടുകൾക്കുള്ളത്. അതുകൊണ്ടു തന്നെ പല കലർപ്പുകളും ഇതിൽ സംഭവിച്ചിട്ടുണ്ട്. ആളുകളെ രസിപ്പിക്കുക എന്ന ധർമ്മമേയുള്ളൂ. പ്രസിദ്ധമായ നാടോടിപ്പാട്ടുകളും മറ്റും പാടുന്നവരുണ്ട്. " എന്റെ മോളെ കഷ്ടത്തിലാക്കല്ലേ വേലായുധാ... " എന്ന കലാഭവൻ മണിയുടെ നാടൻ പാട്ടുവരെ നായാടിക്കളിയിൽ പാടിക്കേട്ടിട്ടുണ്ട്.

**നായാടിക്കളിപ്പാട്ടുകളിലെ ഹാസ്യം**

നാടോടി ഹാസ്യത്തിന്റെ ഏറ്റവും മികച്ച മാതൃകയാണ് നായാടിക്കളിപ്പാട്ടുകൾ. മിമിക്രിയുടെസ്വഭാവമുള്ള ഒരു അവതരണകലയാണിത്. നാട്ടുകൂട്ടത്തിന്റെ ഭാഗമാവാത്ത പുറത്തു നിന്ന് വരുന്ന ഒരു ഗോത്രവിഭാഗത്തെ അനുകരിച്ച് ഹാസ്യമുണ്ടാക്കലാണ് ഈ കളിയുടെ രീതി. പരദേശിജാതികലെ പൊറാട്ടുവേഷങ്ങളായി കെട്ടിയാടി ചോദ്യക്കാരനെക്കൊണ്ട് അശ്ലീലമയമായ ചോദ്യങ്ങൾ ചോദിപ്പിച്ച് ചിരിയുണ്ടാക്കുന്ന പൊറാട്ടുനാടകത്തിലെ അതേ തന്ത്രമാണ് നായാടിക്കളിയിലും കാണാനാവുക. നമ്മുടെ പൊതുബോധത്തിലുള്ള ഒരു പ്രാന്തവത്കൃത സമൂഹത്തെക്കുറിച്ചുള്ള വിലക്ഷണ ധാരണകളെ ചൂഷണം ചെയ്താണ് ഹാസ്യം ഉത്പാദിപ്പിക്കുന്നത്.

പരദേവതയെയും ഉപദൈവങ്ങളെയും സ്തുതിച്ചുകൊണ്ടുള്ള പാട്ടുകളിൽ നിന്നു തുടങ്ങി ഒരു പുരാണകഥാസന്ദർഭത്തിലെ കഥാപാത്രത്തെ ഒരു ഗോത്രവിഭാഗപ്രതിനിധിയായി അവതരിപ്പിച്ച് ഹാസ്യം ഉണർത്തുകയാണ് ചെയ്യുന്നത്.

അസംബന്ധ തത്വമാണ് ഹാസ്യത്തിന്റെ രണ്ടാമത്തെ സ്രോതസ്സ്. എന്നെ തച്ചപ്പൊ ഞാനും തച്ച്

'എന്നെ നുള്ളേല്യപ്പൊ ഞാനും നുള്ളി

ചക്കടെ മടലോണ്ടേറുണ്ടങ്കി,

പപ്പടം കാച്ചിത്തടവുണ്ട്...' എന്നിങ്ങനെയുള്ള ആഖ്യാനങ്ങൾ നോക്കുക. ഒരു കാർണിവൽ എന്ന നിലയിൽ ദേശപ്പൂരത്തിന്റെ കാഴ്ച ബഹളങ്ങളെ അവതരിപ്പിക്കുക, അവിടെയുള്ള ജനാവലിയുടെ സാംസ്കാരിക സൂക്ഷമതകൾ കോറിയിടുക എന്നിങ്ങനെ സമകാലികമാവുന്നതോടൊപ്പം തന്നെ കാട്ടിൽ വേട്ടയ്ക്ക് പോകുന്ന നായാടിയുടെ അനുഭവ വിവരണത്തിലൂടെ നാട്ടുവാസിയുടെ അബോധ സ്മൃതിയിൽ കിടക്കുന്ന വേട്ടയാടി നടന്നുകൊണ്ടുള്ള ഒരു ഗോത്രഭൂതകാലത്തെ ഉണർത്തുക കൂടി ചെയ്യുന്നുണ്ട് നായാടി. നാടും കാടും തമ്മിലുള്ള ഈ സാംസ്കാരികബന്ധത്തിന്റെ ചരടിനെക്കൂടി തൊടുകയാണ് പാണർ നായാടിക്കളിയിലൂടെ ചെയ്യുന്നത്.

ആവേദകർ:

1. കല്യാണി കൊപ്പം
2. ചാമി തൃക്കടീരി
3. നാരായണൻ ഏലംകുളം
4. നാരായണൻ ചെത്തല്ലൂർ
5. മണികണ്ഠൻ ചെത്തല്ലൂർ

ഗ്രന്ഥസൂചി

ചുമ്മാർ ചൂണ്ടൽ,1976, ഐവർ നാടകം ഗവേഷണപ്രബന്ധം,ട്രിച്ചൂർ: കേരള ഫോക്‌ലോർ അക്കാദമി.

ഭാർഗവൻപിള്ള, ജി,1975, പാണപ്പാട്ടുകൾ, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

ശിവശങ്കരൻ, എം, 2003, വള്ളുവനാട്ടിലെ നാടൻ പാട്ടുകൾ

Thurston, Edgar,1909, Castes and tribes of southern India , Madras : Government Press